"ഭരണഭാഷ- മാതൃഭാഷ"

**കേരളസർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതിവകുപ്പിനുകീഴിൽ തിരുവനന്തപുരത്ത് പുലനാർകോട്ടയിൽ പ്രവർത്തിക്കുന്ന കെയർ ഹോം ബാരിയർ ഫ്രീ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്നശേഷിവയോജന സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കുന്നതിന് ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.181/2024/SJD തീയതി,തിരുവനന്തപുരം, 01-08-2024

---

പരാമർശം:- 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 20.06.2024-ലെ എസ്.ജെ.ഡി/1415/2023-പി.സി.3 നമ്പർ കത്ത്

2. 28.06.2024-ൽ കൂടിയ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സ്

**ഉത്തരവ്**

2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനയിൽ 4235-02-101-99-പ്ലാൻ എന്ന ശീർഷകത്തിൽ ബാരിയർ ഫ്രീ കേരള സ്കീം എന്ന പദ്ധതിയ്ക്കായി സാമൂഹ്യനീതിവകുപ്പിന് 8,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

2. ബാരിയർ ഫ്രീ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങൾ / ഓഫിസുകൾ എന്നിവ ഭിന്നശേഷി-വയോജന സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിന് സംസ്ഥാനസർക്കാർ തീരുമാനിച്ചിരുന്നു. ആയതിന്റെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ 6 ക്ഷേമസ്ഥാപനങ്ങൾ ഭിന്നശേഷി-വയോജന സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സാമൂഹ്യനീതിവകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിനുള്ള നടപടികൾസ്വീകരിച്ചിട്ടുണ്ട്. അതിൻറെ ഭാഗമായി പുലനാർകോട്ടയിൽ പ്രവർത്തിക്കുന്ന കെയർ ഹോം ബാരിയർ ഫ്രീ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്നശേഷിവയോജന സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ (റാമ്പ് നിർമ്മാണം - ഗ്രൗണ്ട് ഫ്ലോർ ആന്റ് ഫസ്റ്റ് ഫ്ലോർ, ലിഫ്റ്റ് നിർമ്മാണം, ടോയ്ലറ്റുകളുടെ നിർമ്മാണം/നവീകരണം, കാർ പാർക്കിംഗ് ഷെഡ് നിർമ്മാണം) നടത്തുന്നതിനായി 4235-02-101-99-പ്ലാൻ എന്ന ശീർഷകത്തിൽ 58,45,993/- രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് സാമൂഹ്യനീതിവകുപ്പ ഡയറക്ടർ പരാമർശം 1-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3. ഈ വിഷയം പരാമർശം 2-പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിക്കുകയും ഭരണാനുമതി നല്കാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി

4. സർക്കാർ ഇക്കാര്യം വിശദമായിപരിശോധിച്ചു. 2024-2025 സാമ്പത്തികവർഷത്തെ 4235-02-101-99-പ്ലാൻ എന്ന ശീർഷകത്തിൽ ബാരിയർ ഫ്രീ കേരള പദ്ധതിയ്ക്ക്

വകയിരുത്തിയിട്ടുള്ള 8,00,00,000/- രൂപയിൽനിന്ന് തിരുവനന്തപുരത്ത് പൂലനാർകോട്ടയിൽ പ്രവർത്തിക്കുന്ന കെയർ ഹോം ഭിന്നശേഷിവയോജന സൗഹൃദമാക്കുന്നതിനായി റാമ്പ് നിർമ്മാണം - ഗ്രൗണ്ട് ഫ്ലോർ ആന്റ് ഫസ്റ്റ് ഫ്ലോർ, ലിഫ്റ്റ് നിർമ്മാണം, ടോയ്‌ലറ്റുകളുടെ നിർമ്മാണം/നവീകരണം, കാർ പാർക്കിംഗ് ഷെഡ് നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനായി നിർമ്മിതികേന്ദ്രം സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 58,45,993/- രൂപ (അമ്പത്തിയെട്ടുലക്ഷത്തി നാൽപ്പത്തിയയ്യായിരത്തി തൊള്ളായിരത്തിത്തൊണ്ണൂറ്റിമൂന്നുരൂപ മാത്രം) ചെലവഴിക്കുന്നതിനു സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ
വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Vipin S D**
**Date: 01-08-2024 17:39:11**
സെക്ഷൻ ഓഫീസർ